**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3220** **13-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാകിരണം ലാപ്പ്ടോപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാകിരണം ലാപ് ടോപ്പ് പദ്ധതിയിലൂടെ എത്ര വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കാമോ; | (എ) | കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമായ കുട്ടികളുടെ വിശദാംശങ്ങൾ 2021 ജൂലൈയിലാണ് ശേഖരിച്ചത്. പ്രസ്തുത വിവരശേഖരണം അനുസരിച്ച് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത 4.7 ലക്ഷം കുട്ടികളാണ് ഉണ്ടായിരുന്നത്. എന്നാൽ സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ഇടപെടൽ മൂലം സെപ്റ്റംബർ 15- ഓടെ ഇത് 3.7 ലക്ഷമായും ഒക്ടോബർ ആദ്യം 3.63 ലക്ഷമായും കുറയുകയുണ്ടായി. സാമൂഹ്യ പങ്കാളിത്തത്തോടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി 45789 കുട്ടികൾക്ക് ലാപ്ടോപ്പ് ഇതുവരെ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്കായി എത്ര തുക പിരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; നിലവിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; അതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ എത്ര തുക സമാഹരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | വിദ്യാകിരണം പദ്ധതിയുമായി ബന്ധപ്പെട്ട് 14 ബാങ്കുകളിലായുള്ള അക്കൗണ്ടുകളിൽ 06.07.2022 തീയതി വരെ ആകെ 3,01,93,153/-രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ നാളിതുവരെ എത്ര ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്; പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണ വിജയമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ആദ്യ ഘട്ടമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന 35569 പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ പഠിക്കുന്ന 9744 പട്ടികജാതി വിഭാഗം കുട്ടികൾക്കും ഉപകരണങ്ങൾ ലഭ്യമല്ലാത്ത മറ്റ് വിഭാഗം കുട്ടികൾക്കും ഉൾപ്പെടെ ഇതുവരെ 45789 കുട്ടികൾക്ക് ലാപ്ടോപ്പ്, വിദ്യാകിരണം പദ്ധതയിൽ ഉൾപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോൾ നടന്നു വരികയാണ്. വിലയിരുത്തലിന് സമയമായിട്ടില്ല. |

സെക്ഷൻ ഓഫീസർ